ബാങ്കുകളുടേയും പ്രതിനിധികളും വാലേഷൻ ആഫീസർമാരും ഗുണ ഭോക്താവും അടങ്ങുന്ന പർച്ചേസിംഗ് കമ്മിറ്റികൾ മുഖേനയാണ് ജീവ നോപാധികൾ വാങ്ങേണ്ടത്. ഉപാധികൾ ഇനമായിത്തന്നെ വിതരണം ചെയ്യണം; പണമായി നൽകരുത്. സഹായം നൽകുന്ന സമയത്തുതന്നെ ഓരോ കുടുംബത്തിനും വായ്പ പാസ്ബുക്കിനോടൊപ്പം വികാസപത്രിക യും നൽകേണ്ടതാണ്.

(സി) പാലിക്കപ്പെടുന്നുണ്ട്.

(ഡി) ഉദിക്കുന്നില്ല.

ശ്രീ. ടി. കെ. അറുമുഖൻ: സർ, ആറാം പദ്ധതിക്കാലത്ത് ദരിദ്രരേ ഖയ്ക്ക് താഴെനിന്ന് എത്രപേരെ മുകളിലേയ്ക്ക് കൊണ്ടുവന്നു എന്ന് വ്യക്തമാക്കാൻ കഴിയുമോ?

ശ്രീ. പി.കെ. വേലായുധൻ: ആറാം പദ്ധതിക്കാലത്ത് 1980 മുതൽ 1985 മാർച്ച് 31 വരെ ആകെ 5,08,985 കുടുംബങ്ങൾക്കാണ് സഹായം നൽകിയിട്ടുള്ളത്. ഈ 5,08,985 കുടുംബങ്ങളിൽ എത്രപേരെ ദാരിദ്ര്യ രേഖയ്ക്ക് മേലെ കൊണ്ടുവന്നിട്ടുണ്ടെന്നുള്ളതിനെക്കുറിച്ച് പഠനം നടത്തു ന്നതിന് ഗവൺമെൻറ് ഉദ്ദേശിച്ചിട്ടുണ്ട്. അതിന്റെ നടപടികൾ പൂർത്തീ കരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. കെ. അറുമുഖൻ: മാർഗ്ഗനിർദ്ദേശങ്ങളെക്കുറിച്ച് ബഹു മാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ഈ മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ച ബ്ലോക്കുകളെക്കുറിച്ച് വല്ല പരാതിയും ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. പി. കെ. വേലായുധൻ: പരാതി ലഭിച്ചതിന്റെ അടിസ്ഥാന ത്തിൽ അന്വേഷണം നടത്തുകയും 1980-81 കാലഘട്ടത്തിൽ കര[illegible]ള്ളി ബ്ലോക്കിലും ഓച്ചിറ ബ്ലോക്കിലും പൊതുഗൈഡ് ലൈൻസിന് [illegible]ദ്ധ മായി ചിലതു സംഭവിച്ചതിന്റെ അടിസ്ഥാനത്തിൽ രണ്ട് ബി. ഡി. ഒ. മാരെയും, വില്ലേജ് എക്സറ്റൻഷൻ ഓഫീസറെയും മാതൃകാപരമായി ശിക്ഷണനടപടികൾക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. അവരെല്ലാം ഇപ്പോൾ സസ്പെൻഷനിലാണ്. ഈ രണ്ടു ബ്ലോക്കുകളിലും നടന്ന കൃത്രിമങ്ങളെക്കുറിച്ച് വിശദമായ അന്വേഷണം നടത്തുന്നതിന് വിജിലൻ സിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കരുനാഗപ്പള്ളിയിലെ കേസ് വിജി ലൻസിന്റെ അന്വേഷണം പൂർത്തിയായി. അവിടെ ഏതാണ്ട് ഇരുപത്തി നാലോളം കൈം കേസുകൾ—ആംമാറാട്ടം, വഞ്ചന തുടങ്ങിയവയ്ക്കായി 1981 ജൂലൈയിൽ നടന്ന അന്വേഷണത്തിന്റെ ഫലമായി എടുത്തിട്ടുണ്ട്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

പുതിയ ശുദ്ധജലവിതരണ പദ്ധതികൾ

* 140 (184) ശ്രീ. സി. കെ. ചക്രപാണി:

ശ്രീമതി കെ. ആർ. ഗൗരി:

ശ്രീ. വർക്കല രാധാകൃഷ്ണൻ:

,, പി. കേശവൻ:

ശ്രീമതി പി. ദേവൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) നടപ്പു സാമ്പത്തികവർഷം സംസ്ഥാനത്ത് പുതിയ ശുദ്ധ ജലവിതരണപദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം;

(സി) ഇതുമൂലം എത്രപേർക്ക് ശുദ്ധജലമെത്തിക്കാൻ കഴിയും;

(ഡി) ഈ പദ്ധതികൾക്ക് മൊത്തം എത്ര കോടി രൂപ ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്?

ജലസേചനവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ:)

(എ) ഉണ്ട്.

(ബി) ലിസ്റ്റ് പ്രത്യേകമായി ചേർത്തിരിക്കുന്നു. †

(സി) 35.27 ലക്ഷം ജനങ്ങൾക്ക് ശുദ്ധജലമെത്തിക്കാൻ കഴിയും.

(ഡി) 275.86 കോടി രൂപ

പുതിയ മുനിസിപ്പാലിറ്റികൾ

* 141 [185] ശ്രീ. നാലകത്ത് സൂപ്പി:

,, ഇ. റ്റി. മുഹമ്മദ് ബഷീർ:

,, പി. കെ. കെ. ബാവ:

,, പി. കെ. കുഞ്ഞാലിക്കുട്ടി:

,, കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ തെരഞ്ഞെടുപ്പ് നടത്തുന്നതിനു മുൻപായി ജനസംഖ്യയുടേയും വിസ്തീർണ്ണത്തിന്റെയും അടിസ്ഥാനത്തിൽ പുതിയ മുനിസിപ്പാലിറ്റികൾ രൂപീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം (സ്പെഷ്യൽ ഗ്രേഡ്) പഞ്ചായത്തുകളാണ് മുനിസിപ്പാലിറ്റികളാക്കാൻ ഉദ്ദേശിക്കുന്നത്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരൻ).

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ഐ. ആർ. ഡി. പി. വായ്പാ വിതരണത്തിലെ ക്രമക്കേടുകൾ

* 142 [186] ശ്രീ. എം. ജിനദേവൻ:

,, ഇ. പത്മനാഭൻ:

,, എൻ. ചന്ദ്രശേഖരക്കുറുപ്പ്:

,, വി. ജെ. തങ്കപ്പൻ:

,, പി. വി. കുഞ്ഞിക്കണ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസനവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† അനുബന്ധം I

GPM. 2/487/2009.

LIBRARY ARCHIVES Kerala Legislative Assembly